പതിമൂന്നാം കേരള നിയമ സഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6485. 1.11.2011-ൽ മറുപടിയ്ക്ക്

# പി. എച്ച്. സി. കൾക്ക് ആവശ്യമായ തസ്തികകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി. | | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | മുൻ ഗവൺമെന്റിന്റെ കാലത്ത് കിടത്തി ചികിത്സ അനുവദിച്ചിട്ടുള്ളതും നാളിതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതുമായ പി. എച്ച്. സി കൾക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | 1961 ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് കിടക്കകൾക്ക് ആനുപാതികമായാണ് തസ്തികകൾ അനുവദിക്കുന്നത്. സ്റ്റാഫ് പാറ്റേൺ കാലാനുസൃതമായി പുതുക്കുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിലേയ്ക്കായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും വേണ്ടി ആരോഗ്യ വകുപ്പിന് കീഴിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ 'സ്പെഷ്യൽ സെൽ' രൂപീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇവയുടെ പ്രവർത്തനം എന്ന് തുടങ്ങാനാകും; | (ബി) | പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുകയും ചെയ്യുന്ന മുറയ്ക്ക് മാത്രമേ ഇവയുടെ പ്രവർത്തനം തുടങ്ങാൻ കഴിയൂ. |
| (സി) | മലപ്പുറം ജില്ലയിലെ വാഴക്കാട്, വാഴയൂർ പി.എച്ച്. സി. കളിൽ മുഴുവൻ സമയ പ്രവർത്തനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത പി.എച്ച്.സി കളെ 24x7 പി.എച്ച്.സി കളായി ഉയർത്തിയിട്ടുണ്ട്. വാഴക്കാട് പി.എച്ച്.സി യിൽ 8 കിടക്കകളും വാഴയൂർ പി.എച്ച്.സി യിൽ 10 കിടക്കകളും ഉണ്ട്. ആവശ്യമായ സ്റ്റാഫുകളുടെ അധിക തസ്തിക അനുവദിച്ചാൽ മാത്രമേ മുഴുവൻ സമയ പ്രവർത്തനം തുടങ്ങാൻ കഴിയൂ. തസ്തിക സൃഷ്ടിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ